1. "പത്രങ്ങൾ സൂര്യനു ചുവടെയും മേലെയുമുള്ള എല്ലാറ്റിനേയും പറ്റി വൃത്താന്തങ്ങൾ തരുന്നു എന്നു മാത്രമല്ല, അവയെ വിമർശിക്കുകയും ചെയ്യുന്നു. പക്ഷേ, അത്രത്തോളം പത്രങ്ങൾ വിമർശിക്കപ്പെടുന്നില്ല."
ലേഖകന്റെ ഈ നിരീക്ഷണത്തോടു നിങ്ങൾ യോജിക്കുന്നുണ്ടോ? യുക്തിപൂർവം സമർഥിക്കുക.

**ഉത്തരമാതൃക**

സൂര്യനു താഴെയും മുകളിലുമുള്ള എല്ലാറ്റിനെയും പറ്റി നമുക്ക് വിവരങ്ങൾ തരുന്നത് പത്രങ്ങളാണ്. മാത്രമല്ല വാർത്തകളെ വിമർശനാത്മകമായി വിലയിരുത്തി അവതരിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ പത്രങ്ങൾ അത്രത്തോളം വിമർശിക്കപ്പെടുന്നില്ല എന്നാണ് സുകുമാർ അഴീക്കോടിന്റെ അഭിപ്രായം. ഈ അഭിപ്രായത്തോട് ഒരു പരിധിവരെ യോജിക്കാം. സ്വേച്ഛാധിപതികൾ പോലും പത്രത്തെ വിമർശിക്കാത്തത് അതിനോടുള്ള ഭയം കൊണ്ടാണ്. എന്നാൽ നവമാധ്യമങ്ങളുടെ കടന്നുവരവോടെ പത്രങ്ങൾ വിമർശനങ്ങൾക്ക് അതീതമാണ് എന്ന ചിന്താഗതിക്ക് മാറ്റം വന്നു. തെറ്റിദ്ധാരണ പരത്തുന്ന, സത്യവിരുദ്ധമായ വാർത്തകൾ പ്രചരിപ്പിക്കുന്ന പത്രങ്ങൾക്കെതിരെ പ്രതിഷേധങ്ങൾ ഉയരുന്നുണ്ട് എന്നതാണ് വാസ്തവം.